**MODEL EXAMINATION 2018-19**

**മലയാളം – CODE NO: 012**

**Duration:3hrs** **Max.Marks:80**

General Instructions:

All questions are compulsory.
You may attempt any section at a time.
All the questions of that particular section must be answered in correct seriel number.
The question paper is divided into four sections.

| | |
|---|---|
| Section A Reading comprehension | 10 Marks |
| Section B Writing | 16 Marks |
| Section C Grammar | 17 Marks |
| Section D Literature | 37 Marks |
| TOTAL | 80 Marks |

**വിഭാഗം എ (പാരായണം)**

**I.താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ചതിനു ശേഷം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **(5x2=10)**

നവീന വിജ്ഞാനം തഴച്ചു പടർന്ന് ഭൗതിക ലോകത്തിന്റെ അന്തിമ സീമകൾ വരെ പന്തലിച്ചു നിൽക്കുകയാണ്.ഈ അത്ഭുത സംഭവം ഉണ്ടായ മൂന്നു നൂറ്റാണ്ടിനിടയ്ക്ക് സിഗ്മണ്ട് ഫ്രോയിഡ് എന്ന ഒരു പാശ്ചാത്യ ചിന്തകൻ മാത്രമേ മനുഷ്യന്റെ ആഭ്യന്തര ലോകത്തിലേക്ക് ഒരു ചെറിയ കൈത്തിരിയെങ്കിലുംകാണിച്ചിട്ടുള്ളൂ. ലോകവിഖ്യാതനായ മന:ശാസ്ത്ര ജ്ഞനാണ് സിഗ്മണ്ട്ഫ്രോയിഡ്. മനസ്സിന് അബോധമെന്നൊരു വാസമുണ്ടെന്ന് ആദ്യമായി സിദ്ധാന്തിച്ച വ്യക്തിയാണ് അദ്ദേഹം. മനസികാപഗ്രഥനം എന്ന മന:ശാസ്ത്രശാഖയ്ക്ക് തുടക്കം കുറിച്ചത് അദ്ദേഹമാണ്.അദ്ദേഹം,കണ്ണുകളഞ്ചുമടക്കിത്തെരുതെരെവീണുവണങ്ങുന്നില്ല. അറിവും അതിന്റെ വിഷയവും ആത്മബോധവും തമ്മിലുള്ള ബന്ധമെന്തെന്നും അന്വേഷിക്കുന്നില്ല. സർവ്വാന്തര്യാമിയായി വിളങ്ങുന്ന

ആദിമഹസ്സിനെയും കാണുന്നില്ല.എന്നാലും മനുഷ്യൻ എന്നുപറയുന്ന ഈ വസ്തു എന്താണെന്നും അതിന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന പ്രേരകശക്തികൾ ഏതൊക്കെയാണെന്നന്നും അന്വേഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ അപൂർണങ്ങളാണെന്നുള്ളത് വാസ്തവം തന്നെ. അവയെ മറ്റുള്ളവർ പരിഷ്കരിക്കുകയും അന്യഥാകാരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ശാസ്ത്രം എന്നും വിജ്ഞാനമെന്നും തത്വജ്ഞാനമെന്നും ഒക്കെ പറയുന്ന പ്രക്രിയയിൽ മനുഷ്യൻ എന്നാ ഘടകത്തിന് സരവപ്രധാനമായ സ്ഥാനമുണ്ടെന്ന് ആധുനിക കാലത്ത് മറ്റാരേക്കാളും കൂടുതലായി മനസ്സിലാക്കുകയും തെളിയിക്കുവാൻ ശ്രമിക്കുകയും ചെയ്തത് അദ്ദേഹമാണ്.

ചോദ്യങ്ങൾ :-

1.സിഗ്മണ്ട് ഫ്രോയിഡ് അന്വേഷിക്കുന്നതെന്ത് ?

2.സിഗ്മണ്ട് ഫ്രോയിഡ് തെളിയിക്കുവാൻ ശ്രമിച്ചതെന്ത് ?

3.ആരാണ് സിഗ്മണ്ട് ഫ്രോയിഡ്? അദ്ദേഹം അവതരിപ്പിച്ച സിദ്ധാന്തമെന്ത് ?

4.നവീനവിജ്ഞാനത്തിന്റെ സ്ഥിതിയെന്ത് ?

5.ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക.

## വിഭാഗം - ബി (രചന)

**I.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക**. **(8)**

1. പരസ്യങ്ങളും യുവ തലമുറയും
2. സമകാലിക സമൂഹത്തിൽ സ്ത്രീകളുടെ പദവി
3. മദ്യവർജ്ജനവും സാമൂഹിക പുരോഗതിയും

II. നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെക്കുറിച്ച് സർക്കാരിനെ ശ്രദ്ധ്യയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. **(8)**

## വിഭാഗം -സി (വ്യാകരണം)

**a) അംഗവാക്യം  അംഗി വാക്യം ഇവ വേർതിരിക്കുക.** **(2x1=2)**

(i) ഏറെക്കുറെ ധർമ്മ യുദ്ധമെന്നോണം മുന്നേറിയ യുദ്ധത്തിൽ പലരെയും ചതിപ്രയോഗത്തിലൂടെയാണ് പാണ്ഡവർ വീഴ്ത്തിയത് .

(ii) എപ്പോഴെങ്കിലും ഒരു നല്ല കടലാസ്സ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും .

**b) പ്രയോഗം മാറ്റുക.** **(2x1=2)**

(i) വാരണാസിയിൽ എത്തുന്നതിനു മുൻപുതന്നെ ഞാൻ ഊണ് കഴിച്ചു.

(ii) ശാശ്വതികതയുടെ താല്ക്കാലികതയിലാണ് അയാൾ നിലനിൽക്കുന്നത് .

**c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2x1=2)**

(i) അമ്മ വേറെയും ചില അബദ്ധങ്ങൾ കൂടി ചെയ്തിട്ടുണ്ട് .

(ii) ഭീമൻ വില്ലും അമ്പുമെടുത്ത് തേരിലേറുകയും നകുലാലേ സാരഥിയാക്കി പുറപ്പെട്ടു .

**d) പര്യായപദങ്ങൾ എഴുതുക**. **(2x1=2)**

(i) നാവ്        (ii) അശ്വം

**e) നാനാർത്ഥങ്ങളെഴുതുക.** **(2x2=2)**

(i) വീചി      (ii) മുദ്ര

**f) വിഗ്രഹിച്ച് സമാസം കണ്ടെത്തുക.** **(2x1=2)**

(i) കൊന്നത്തെങ്ങ്

(ii) അക്ഷന്തവ്യം

**g) പിരിച്ചെഴുതി  സന്ധി നിർണ്ണയിക്കുക.** **(2x1=2)**

(i) വിണ്ടലം  (ii)  മത്സരാദ്യംവെടിഞ്ഞ്

**IV. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

**a) വിപരീതപദമെഴുതുക.** **(2X½=1)**

(i) ധീരൻ (സുധീരൻ , ഭീരു, ധീര )

(ii) വിഭക്തി (അഭക്തി, ഭക്തി ,വിരക്തി )

**b) അർഥ വ്യത്യാസമെഴുതുക.** **(2x½=1)**

(i) പാടം (കാട്, വയൽ, ശീലം)

(ii) പടം (ചിത്രം ,വെറുതെ ,ഇല)

**h) എതിർലിംഗമെഴുതുക**. **(2x½=1)**

(i) അർത്ഥി (അർത്ഥ,നിരർഥി,അർഥിനി ,അർഥനി)

(ii) പ്രമുഖൻ ( പ്രമുഖി ,പ്രമുഖിനി ,പ്രാമുഖി , പ്രമുഖ )

## വിഭാഗം - ഡി (സാഹിത്യം)

**I. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **(10x ½=5)**

1. നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നതെന്ത് ?

   (തൂക്കുകയർ പൊതിച്ചോറ് കൊമ്പുവിളി ബലിച്ചോറ്)

2. 'ഭാരത പര്യടനം' ,ആരുടെ കൃതിയാണ്?

   (വി.വി.ഗിരി, കുട്ടി കൃഷ്ണമാരാർ, എ.പി.ഉദയഭാനു)

3. ഏത് വിഭാഗത്തിലാണ് ഒ.വി.വിജയൻ പ്രശസ്തനായത് ?

   (അധ്യാപകൻ, നിരൂപകൻ, പത്രപ്രവർത്തകൻ, കാർട്ടൂണിസ്റ്റ്)

4. ശരൺ കുമാർ  ലിംബാളെ ഏത് ഭാഷയിലെ സാഹിത്യകാരനാണ് ?

   ( കന്നഡ, മലയാളം, തമിഴ് ,മറാത്തി )

5. അശ്വഥാമാവ് എന്തിന്റെ പ്രതീകമാണ് ?

   (സാഹോദര്യം, സ്നേഹം, പക, ദീനാനുകമ്പ)

**II.** 1. അന്യ ജീവനുതകി സ്വജീവിതം ധന്യമാക്കുന്നതാര് ?

(ധീരന്മാർ, വിവേകികൾ, പ്രാണികൾ, ജ്ഞാനികൾ)

2. അഹം ബുദ്ധിയുണ്ടാകുന്നതെന്തുകൊണ്ട് ?

(അവിദ്യമൂലം , ക്രോധം മൂലം ,ദേഹം മൂലം ,മോഹം മൂലം)

3. മലയാള ഭാഷയുടെ മഹത്വം കുടികൊള്ളുന്ന കവിതയേത് ?

(അമ്മത്തൊട്ടിൽ, പ്രിയദർശനം, അമ്മയുടെ എഴുത്തുകൾ, അശ്വമേധം)

4. 'അശ്വമേധം' എന്ന കവിതയിൽ കുതിരയായി സങ്കല്പിച്ചിരിക്കുന്നതെന്തിനെ ?

(സർഗ്ഗശക്തി, ഉന്മേഷം, നിസ്സഹായത, ശവകുടീരങ്ങൾ )

5. ചുവടെ തന്നിരിക്കുന്നവയിൽ എഴുത്തച്ഛനുമായി ബന്ധപ്പെട്ടിരിക്കുന്ന പ്രസ്ഥാനം ഏതാണ് ?

(ഖണ്ഡകാവ്യ പ്രസ്ഥാനം,കിളിപ്പാട്ട് പ്രസ്ഥാനം,ഗാഥാ പ്രസ്ഥാനം,തുള്ളൽ പ്രസ്ഥാനം)

**III. എ. വിശദീകരിച്ചെഴുതുക.** **(3x4=12)**

1."സ്നേഹഗായകനാണ് കുമാരനാശാൻ ". 'നളിനി ഒരു സ്നേഹം' എന്ന കാവ്യത്തെ മുൻ നിർത്തി സമർഥിക്കുക.

2.മൂന്നു തലമുറകളിലൂടെ സംഭവിക്കുന്ന വൈകാരികമാറ്റം 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിൽ എത്രത്തോളം പ്രതിഫലിക്കുന്നു ?

3. മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്ര മുഹൂർത്തങ്ങളെ വയലാർ പരാമർശിക്കുന്നതെങ്ങനെ ?

**IV. ബി. വിശദീകരിച്ചെഴുതുക.** **(3x4=12)**

1. അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ള ബന്ധം കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ ?

2. ദുര്യോധനനിൽ കാണുന്ന ആദരണീയ ഗുണങ്ങളായി കുട്ടികൃഷ്ണ മാരാർ ചൂണ്ടിക്കാട്ടുന്നത് എന്തെല്ലാം ?

3."എന്റെ സത്യസന്ധത എനിക്ക് നൽകിയ ആനന്ദം ആ മുപ്പത് രൂപയെക്കാൾ എത്രയോ വലുതായിരുന്നു".ലിംബാലയുടെ നിലപാടിൽ വെളിപ്പെടുന്ന സന്ദേശമെന്താണ് ?

**V. സി. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2x4=8)**

1. ചട്ടമ്പി സ്വാമികൾക്ക് വിദ്യാധിരാജൻ എന്ന പേര് ലഭിച്ചതെങ്ങനെ ?

2. ചട്ടമ്പി സ്വാമികളുടെ സാഹിത്യ കൃതികളുടെ സവിശേഷതകളേവ ?

3. ചട്ടമ്പി സ്വാമികളുടെ ജീവിതദർശനത്തെക്കുറിച്ച് വിവരിക്കുക.

---